# "ആലില"

ജി.(2)37701/2014

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 25.09.2014
e-mail - keralarcs@coop.kerala.gov.in
Website – www.cooperation.kerala.gov.in
Tel No - 0471 -2330726
Fax – 0471 - 2331513

**സർക്കുലർ നമ്പർ. 43 /2014**

വിഷയം – സഹകരണ വകുപ്പ് – പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ചുലക്ഷത്തിൽപ്പരം വൃക്ഷത്തൈകൾ നട്ട് വളർത്തുന്ന പദ്ധതി – ആലില – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന – ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി 2014–15 ധനാഭ്യർത്ഥന വേളയിൽ നിയമസഭയിൽ നടത്തിയ പ്രഖ്യാപനം.

ആഗോള താപനത്തിന്റേയും കാലാവസ്ഥ വ്യതിയാനത്തിന്റേയും ദൂഷ്യഫലങ്ങൾ ഏറെ അനുഭവിച്ചു വരികയാണ് നമ്മുടെ നാട്. വനനശീകരണം, അമിതമായ ജലചൂഷണം, തണ്ണീർത്തടങ്ങളുടെ എണ്ണം കുറയുന്നത് തുടങ്ങിയവ നിമിത്തം ആശങ്കകൾ ഉളവാക്കുംവിധം താപനിലയുടെ വ്യതിയാനത്തിനും, വർദ്ധിച്ച ജലദൗർലഭ്യത്തിനും നിദാനമായിട്ടുണ്ട്. മനുഷ്യൻ പ്രകൃതിയിലേല്പിക്കുന്ന ആഴത്തിലുള്ള മുറിവുകൾ കാരണം വരുംതലമുറകൾ അതിരൂക്ഷമായ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരും എന്നത് മുൻകൂട്ടി കണ്ട് വൃക്ഷ പരിപാലനമടക്കമുള്ള പ്രകൃതി സംരക്ഷണ പദ്ധതികളും, പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കിയുള്ള പ്രചാരണങ്ങളും പ്രവർത്തനങ്ങളും ഊർജ്ജിതമാക്കേണ്ടതുണ്ട്. ഒഴിവാക്കുവാൻ കഴിയാത്ത സന്ദർഭത്തിൽ ഒരു മരം മുറിക്കേണ്ടതായി വന്നാൽ പകരം ഒരായിരം മരങ്ങൾ നട്ടുവളർത്താനുള്ള ആർജ്ജവം നമുക്ക് ഉണ്ടാകേണ്ടതുമുണ്ട്. സഹകരണ പ്രസ്ഥാനം സംസ്ഥാനത്തിന്റെ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപൃതമായതിനാൽ ആഗോള താപനത്തിന് മരമാണ് മറുപടിയെന്ന അവബോധം ഉൾക്കൊണ്ടും കേരള സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുള്ള പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയ്ക്ക് പിന്തുണ നൽകികൊണ്ടും ഭൂമിയുടെ നല്ല നാളേയ്ക്കായി അഞ്ചു ലക്ഷത്തിൽപരം വൃക്ഷത്തൈകൾ നട്ടു വളർത്തുക

എന്ന ദൗത്യം സഹകരണ വകുപ്പിന്റെ 2014–15 വർഷത്തെ ധനാഭ്യർത്ഥന ചർച്ചാ വേളയിൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള കേരളത്തിലെ 14000 ലധികം സഹകരണ സംഘങ്ങൾക്കും, അതിലെ കോടിക്കണക്കിനായ അംഗങ്ങൾക്കും ടി പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് കഴിയുന്നതാണ്. 2014 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ 2015 ജനുവരി 1 വരെ ''ആലില'' എന്ന പേരിൽ സഹകരണ വകുപ്പ് സംഘടിപ്പിക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും പങ്കാളികളാകുവാൻ താൽപ്പര്യപ്പെടുന്നു. ആയതിലേക്ക് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ നൽകുന്നു.

1. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽ സ്ഥല ലഭ്യതക്കനുസൃതമായി കുറഞ്ഞത് 10 വൃക്ഷതൈകൾ എങ്കിലും നടേണ്ടതും, തൈകൾ വളരുന്നതിന് ആവശ്യമായ പരിപാലനം നൽകേണ്ടതുമാണ്.
2. സ്വന്തമായി ഭൂമിയുള്ളതും, ഇല്ലാത്തതുമായ എല്ലാ സഹകരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/സർക്കാർ സ്ഥാപന അധികാരികളുടെ അനുമതിയോടെ പൊതുജനങ്ങൾക്ക് ഗുണകരമായി ഭവിക്കുന്ന പൊതു സ്ഥലങ്ങളിൽ മേൽ പ്രകാരം വൃക്ഷത്തൈകൾ നടാവുന്നതാണ്. പൊതു സ്ഥലങ്ങളിൽ നടുന്ന വൃക്ഷത്തൈകൾ പരിപാലിക്കുന്ന ചുമതല കൂടി അതാതു സംഘങ്ങൾ ഏറ്റെടുക്കേണ്ടതാണ്.
3. സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള സർക്കാർ/സ്വകാര്യ സ്കൂളുകളിൽ ലഭ്യമായ സ്ഥലത്ത്, ടി സ്കൂൾ അധികൃതരുടെ അനുവാദത്തോടുകൂടി വൃക്ഷത്തൈകൾ നടാവുന്നതാണ്.
4. സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടുവളപ്പിൽ നട്ടു വളർത്തുന്നതിനായി ഏറ്റവും കുറഞ്ഞത് ഒരു വൃക്ഷത്തൈയെങ്കിലും സംഘങ്ങൾ നൽകേണ്ടതാണ്.
5. സംഘം ഭാരവാഹികൾ/അംഗങ്ങൾ/സഹകരണ വകുപ്പ് ജീവനക്കാർ/സഹകരണ സംഘം ജീവനക്കാർ എന്നിവർക്ക് അവരവരുടെ വീട്ടുവളപ്പിൽ നടുന്നതിനായി വൃക്ഷത്തൈകൾ സംഘങ്ങൾ നൽകേണ്ടതാണ്.
6. വൃക്ഷത്തൈകൾ നൽകുന്നതോടൊപ്പം തന്നെ വൃക്ഷങ്ങളുടെ പ്രാധാന്യവും, വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് അവ

ബോധം അംഗങ്ങൾക്കും, പൊതുജനങ്ങൾക്കും, ജീവനക്കാർക്കും, വകുപ്പ് ഉദ്യോഗസ്ഥർക്കും ഉണ്ടാകുന്നതിനായി വനം, പരിസ്ഥിതി വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചാക്ലാസ്സുകൾ/സെമിനാറുകൾ എന്നിവ, സർക്കിൾ സഹകരണ യൂണിയനുകളുടെ നേതൃത്വത്തിൽ സർക്കിളിൽ ഏറ്റവും കുറഞ്ഞത് ഒന്ന് എന്ന ക്രമത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

7. സംഘംതലത്തിലും ഇത്തരം ചർച്ചാ ക്ലാസ്സുകൾ/പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.
8. മേൽ ക്ലാസ്സുകളിൽ/ചർച്ചകളിൽ പ്രദേശത്തെ സ്ക്കൂൾകുട്ടികൾ, വീട്ടമ്മമാർ, സംഘങ്ങളുടെ നേതൃത്വത്തിലുള്ള സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ, കുടുംബശ്രീയിലെ അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിക്കാവുന്നതും വൃക്ഷത്തൈകൾ അവർക്ക് വിതരണം ചെയ്യാവുന്നതുമാണ്.
9. ‘ആലില’ പദ്ധതിയുടെ ഭാഗമായി 2015 ജനുവരി 1 വരെ സംഘങ്ങളിൽ ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനായി കൈത്തറി /ഖാദി തുണികൾ മാത്രം ഉപയോഗിക്കേണ്ടതുമാണ്.
10. സംഘം ജീവനക്കാർ, സ്ക്കൂൾ/കോളേജ് വിദ്യാർത്ഥികൾ എന്നിവർക്ക് സർക്കിൾ തലത്തിലും, ജില്ലാതല കമ്മിറ്റിയുടേയും ആഭിമുഖ്യത്തിലും പരിസ്ഥിതി/സംരക്ഷണം/വൃക്ഷ സംരക്ഷണം എന്നിവയെ അടിസ്ഥാനമാക്കി പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവ ഈ കാലയളവിൽ സംഘടിപ്പിക്കാവുന്നതും, മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകാവുന്നതുമാണ്.
11. താലൂക്ക് തലത്തിലും ജില്ലാതലത്തിലും മേൽ കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട റാലികൾ, റോഡ് ഷോ, പരിസ്ഥിതി പ്രദർശനം, സ്ലൈഡ് പ്രദർശനം എന്നിവ സംഘടിപ്പിക്കാവുന്നതാണ്.
12. ഈ പദ്ധതിയുടെ ഭാഗമായി കഴിയുന്നതും ഫലവൃക്ഷ തൈകൾ നടുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. ഇതിനായി വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്റ്ററി വിഭാഗം, കൃഷിവകുപ്പ്, സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവരുമായി ബന്ധപ്പെട്ട് വൃക്ഷതൈകൾ സൗജന്യമായി പരമാവധി ലഭ്യമാകുന്നത് സംഘങ്ങൾ വാങ്ങേണ്ടതാണ്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാപത്രങ്ങളും, അവാർഡുകളും നൽകാവുന്നതാണ്.

13. പദ്ധതി കാലയളവിൽ പ്രമുഖ വ്യക്തികൾ, പ്രകൃതി സ്നേഹികൾ, ആദരണീയരായവർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വൃക്ഷത്തൈകൾ നടുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
14. താലൂക്ക് തലത്തിൽ പദ്ധതിയുടെ നടത്തിപ്പും, ഏകോപനവും അതാത് സർക്കിൾ സഹകരണ യൂണിയൻ നിർവ്വഹിക്കേണ്ടതാണ്.
15. ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനത്തിനും, അവലോകനത്തിനായും ചുവടെ പറയുന്നവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതും, പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്.
    1. ജില്ലാ ബാങ്ക് പ്രസിഡന്റ് – അദ്ധ്യക്ഷൻ
    2. ജോയിന്റ് രജിസ്ട്രാർ (ജനറൽ) – (കൺവീനർ)
    3. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക് – (ജോയിന്റ് കൺവീനർ)
    4. ജോയിന്റ് ഡയറ്കടർ (ആഡിറ്റ്) – (അംഗം)
    5. എല്ലാ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ – (അംഗങ്ങൾ)
    6. അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ) – (അംഗങ്ങൾ)
    7. അസിസ്റ്റന്റ് ഡയറക്ടർമാർ (ആഡിറ്റ്) – (അംഗങ്ങൾ)
    8. സഹകരണ മേഖലയിലെ ജീവനക്കാരുടെ പ്രതിനിധികൾ – (അംഗങ്ങൾ)

ഇക്കാര്യത്തിൽ ജില്ലാതലത്തിൽ, കൈവരിച്ച പുരോഗതി റിപ്പോർട്ടുകൾ/ അവലോകന റിപ്പോർട്ട് ഓരോ ആഴ്ചയിലും ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
എസ്.ലളിതാംബിക ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

1. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
2. ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
3. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.
5. ഡയറ്കടർ, പൊതുമരാമത്ത് വകുപ്പ്
6. സഹകരണ ആഡിറ്റ് ഡയറക്ടർ
7. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ വിഭാഗം സെൻട്രൽ PWD
8. എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെയും മാനേജിംഗ് ഡയറക്ടർമാർക്ക്.

9. എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും ജനറൽ മാനേജർക്ക്.
10. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
11. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
12. എല്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
13. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
14. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും
15. എഡിറ്റർ, സഹകരണ വീഥി & സഹകരണ ജേർണൽ
16. വെബ്സൈറ്റ്
17. സ്റ്റോക്ക് ഫയൽ
18. സ്പെയർ